ലക്കം 3

# ഗോസ്പൽ ട്രൂത്ത്

അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ

For Private Circulation only

## നിന്റെ ഹൃദയം എനിക്ക് തരൂ....


(മർക്കോസ്.10:17 - 23, ലൂക്കോസ്.18: 18 - 24)

അസ്തമയ സൂര്യരശ്മികൾ പാറകൾ നിറഞ്ഞ കുന്നിലൂടെ തട്ടി താഴുന്ന വൈകുന്നേരസമയം. യേശു തന്റെ ശിഷ്യന്മാരുമായി പൊടിനിറഞ്ഞ നിരത്തിലൂടെ നടന്നുപോകുകയായിരുന്നു. വളരെ തിരക്കേറിയതും പതിവുപോലെ തടിച്ചുകൂടിയ പുരുഷാരത്തിന്റെ ആരവാരവും മറ്റുമായി വളരെ ക്ഷീണമുണ്ടായിരുന്നു അവർക്കെല്ലാവർക്കും തന്നെ.

പെട്ടെന്ന്, ആഡംബര വസ്ത്രധാരിയായ ധനവാനായ ഒരു ചെറുപ്പക്കാരൻ അവർക്ക് നേരെ കടന്നുവന്നു. യേശുവിന്റെ കാൽക്കൽ മുട്ടുകുത്തി നിന്നു. വളരെ ഭവ്യതയോടെ അവൻ ചോദിച്ചു; ‘‘നല്ല ഗുരോ, നിത്യജീവനെ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യേണം?’’

യേശു അവിടെ നിന്നു. അനുകമ്പയോടെ അവനെ ഉറ്റുനോക്കി. ന്യായപ്രമാണം എന്താണ് പഠിപ്പിക്കുന്നത് എന്ന് നിനക്കറിയാമോ എന്ന് അവനോടു ചോദിച്ചു. ഉടനെ ആ യുവാവ് ഇപ്രകാരം മറുപടി പറഞ്ഞു: വ്യഭിചാരം ചെയ്യരുത്, കൊല ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം പറയരുത്, വഞ്ചിക്കരുത്, അപ്പനെയും അമ്മയെയും ബഹുമാനിക്കുക എന്നതത്രേ എന്ന് വളരെ താഴ്മയായി ഉത്തരം പറഞ്ഞു. മാത്രമല്ല ഇതൊക്കെ, ഞാൻ എന്റെ ബാല്യം മുതൽ അനുസരിച്ചുവരുന്നു എന്നറിയിച്ചു.

അതു കേട്ടിട്ട് യേശു തന്റെ തല അൽപം ചരിച്ചുപിടിച്ച് സ്വൽപനേരം ചിന്താമഗ്നനായി നിന്നു. തന്റെ മുമ്പിൽ നിൽക്കുന്ന ഈ യുവാവ് വളരെ ധനികനായ ഒരു ഭരണാധിപനാണെന്നറിഞ്ഞു. വളരെ സ്നേഹത്തോടെ യേശു ഇങ്ങനെ ഉപദേശിച്ചു: നിനക്ക് ഒരു കുറവുണ്ട്. നീ പോയി നിന്റെ സകലവസ്തുവകകളും വിറ്റ ദരിദ്രന്മാർക്ക് കൊടുക്കുക. സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക.



***ധാർമ്മിക മൂല്യങ്ങളും സംസ്ക്കാര സമ്പന്നതയും മാത്രം പോര നിത്യജീവനെ അവകാശമാക്കാൻ***

യേശുവിന്റെ ഈ വാക്കുകളെ കേട്ടിട്ട് അവൻ സാവധാനം എഴുന്നേറ്റു. നിരാശയും ദുഃഖവും അവന്റെ മുഖത്ത് ഒരു കാർമേഘം പോലെ ഉരുണ്ടുകൂടി. അവന്റെ ഹൃദയം ഒരു വലിയ പോരാട്ടത്താൽ നിറഞ്ഞു. ഗുരുവിനെ അനുഗമിക്കുവാൻ അവന് അതിയായ ആഗ്രഹവും വാഞ്ചയുമുണ്ടായിരുന്നു. എന്നാൽ അവന് വളരെ സമ്പത്തുണ്ടായിരുന്നതുകൊണ്ട് അതു വിൽക്കുവാൻ അവന് മനസ്സില്ലായിരുന്നു. വളരെ ദുഃഖത്തോടെ നിറഞ്ഞ കണ്ണുകളുമായി അവൻ സാവധാനം നടന്നകന്നു. ഈ യുവാവിന്റെ അവസ്ഥ കണ്ട് യേശുവിന്റെ കണ്ണുകളും നിറഞ്ഞു തുളുമ്പി.

ആ യുവാവിന്റെ ജീവിതത്തിലെ നല്ല സവിശേഷ ഗുണങ്ങൾ യേശു അറിഞ്ഞിരുന്നു. എങ്കിലും നിത്യജീവനെ പ്രാപിക്കുവാൻ അവന് കഴിയാതെ പോയി. എല്ലാത്തിനും ഉപരിയായി യേശുവിനെ സ്വീകരിക്കുവാനോ, സമ്പൂർണ്ണമായി യേശുവിന്റെ പാദപീഠത്തിൽ സമർപ്പിക്കുവാനോ അവന് കഴിഞ്ഞില്ല. ദൈവത്തെ അനുഗമിക്കുന്നതിൽ നിന്നും അവനെ പിന്തിരിപ്പിക്കുന്ന ഏതോ ഉണ്ടെന്നുള്ളതായിരുന്നു പരമാർത്ഥം. അത് യേശു അറിഞ്ഞിരുന്നു. ഇതിനുശേഷം, തന്നെ പിന്തുടരുന്നവർക്കുണ്ടായിരിക്കേണ്ട അടിസ്ഥാന യോഗ്യതകൾ യേശു വിശദീകരിച്ചു.

ധാർമ്മിക മൂല്യങ്ങളും സംസ്കാരസമ്പന്നതയും മാത്രം പോര നിത്യജീവനെ അവകാശമാക്കുവാൻ, പിന്നെയോ ദൈവനിർണ്ണയപ്രകാരമുള്ള മൂല്യങ്ങളെ പ്രാപിക്കുവാനുള്ള മനസ്സൊരുക്കമാണ് വേണ്ടത്. എല്ലാത്തിനും ഉപരിയായി ദൈവത്തെ സ്നേഹിക്കുവാനുള്ള സമ്പൂർണ്ണ വേർപാട്.


| നിന്റെ ഹൃദയം എനിക്ക് തരൂ | പത്രാധിപ ലേഖനം | വേദപഠനം: സ്നേഹത്തിന്റെ ബന്ധം | അനുബന്ധ ലേഖനം: ഏറ്റവും വലിയ ദൈവേഷ്ടം | ചോദ്യവും ഉത്തരവും: ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്നതിന്റെഅർത്ഥം എന്താണ് | നിങ്ങൾക്കറിയാമോ? തക്ക സമയത്തു പറഞ്ഞ വാക്ക് |
|---|---|---|---|---|---|
| പേജ് 1 | പേജ് 3 | പേജ് 4 | പേജ് 5 | പേജ് 7 | പേജ് 8 |

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16–17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37–40, യോഹ. 14: 21–23,
1 യോഹ. 4: 7–11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3–7, 2 കൊരി. 5: 17,
റോമർ 6 : 1–4, എഫെ. 2: 1, 5–6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8–9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73–75, എബ്രാ. 12:14,
1 പത്രൊ. 1: 15–16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20–21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4–7, എഫെ. 4: 4–6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐകൃത**
യോഹ. 17: 20–23, ഗലാ. 3: 28,
വെളി. 18: 2–4

**ചട്ടങ്ങൾ**
മത്താ. 28: 19–20, 26: 26–30, 1 കൊരി. 11: 23–27,
യോഹ. 13: 14–17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4–5,
യാക്കോബ് 5: 13–16

**വിവാഹശുശ്രൂഷ**
മത്താ. 19: 5–6, ലൂക്കോ. 16: 18,
റോമർ 7: 2–3, 1 കൊരി. 7: 10–11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9–10, 1 കൊരി. 11: 14–15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7–12, യോഹ. 5: 28–29,
2 കൊരി. 5: 10, മത്താ. 25: 31–46

**സാമാധാനവാദം:**
ലൂക്കോസ് 6: 27–29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23–24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കോസ് 16: 15

ഒരുപക്ഷേ നാം നല്ല പൗരന്മാരായിരിക്കാം, നല്ല അയൽക്കാരായിരിക്കാം - പോര അതിനും കൂടുതലായി വേണ്ടിവരും ദൈവിക മാനദണ്ഡം.

നമ്മുടെ താൽപര്യത്തിന് മുകളിലത്രേ ദൈവത്തിന്റെ ആഴമേറിയ ആഗ്രഹങ്ങൾ. ''എന്റെ മകനേ നിന്റെ ഹൃദയം എനിക്ക് തരിക. എന്റെ വഴി നിന്റെ കണ്ണിന് ഇമ്പമായിരിക്കട്ടെ.''(സദൃ.23:26) മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിന്റെ നിരന്തരമായ ഹൃദയംഗമായ തേങ്ങലാണിത്. ''നിന്റെ ഹൃദയം എനിക്ക് തരിക.''

ദൈവത്തെ നാം സ്നേഹിക്കുന്നെങ്കിൽ അത് തീർച്ചയായും പൂർണ്ണഹൃദയത്തോടെയും പൂർണ്ണാത്മാവോടെയും, പൂർണ്ണശക്തിയോടെയും പൂർണ്ണമനസ്സോടെയും ആയിരിയ്ക്കണം. ദൈവം നമ്മുടെ ഹൃദയം അവകാശമാക്കിക്കഴിഞ്ഞാൽ, അവന് നമ്മുടെ സ്നേഹം ആവശ്യമാണ്, നമ്മുടെ സമയം, പണം, ഭാവി പദ്ധതികളെല്ലാം ആവശ്യമാണ്. നമ്മുടെ ജീവിതത്തിലെ എല്ലാ തുറകളിലും ആദ്യ പ്രാതിനിധ്യം ദൈവത്തിന് തന്നെ.

ഇന്ന് എല്ലാവരും സ്വർഗ്ഗത്തിലെത്താൻ ആ ധനികനായ യുവാവിനെപ്പോലെ വരുന്നവരാണ്. പൂർണ്ണമായും ദൈവത്തിന് സമർപ്പിക്കുവാൻ കഴിയാതെ മടങ്ങിപ്പോകുന്നു ചിലർ. മറ്റു ചിലർ സഭകളിലും സദസ്സുകളിമൊക്കെ വളരെ സജീവമായി പാടാനും പ്രാർത്ഥിക്കുവാനും പ്രസംഗിക്കുവാനുമൊക്കെ മുൻപന്തിയിൽ നിൽക്കുന്നവരാണ്. എന്നാൽ ദൈവഹിതത്തിന് പൂർണ്ണമായി സമർപ്പിക്കുന്നതിൽ നിന്നും ''ആ ഒരു കുറവ് ''അവരെ തടഞ്ഞു നിർത്തും.

ഇന്ന് എവിടെയാണ് നിന്റെ സ്നേഹം? നിനക്ക് ഒരു കുറവുണ്ടോ? ദൈവത്തിന് വേണ്ടി നീ സകലവും വിറ്റോ? നിന്റെ ഹൃദയം അവന് കൊടുക്കൂ! യേശുവിനെ അനുഗമിക്കുവാൻ വേണ്ടി നി ത്യജിക്കുന്നതെല്ലാം പതിൻമടങ്ങ് പ്രതിഫലമായി ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും നിനക്ക് മടക്കി കിട്ടുക തന്നെ ചെയ്യും

MWS

**ഗോസ്പൽ ട്രൂത്ത്**

അഖില ലോകത്തുള്ള എല്ലാ ദൈവജനത്തിന്റെയും അഭിവൃദ്ധിക്കുവേണ്ടിയും പ്രോത്സാഹനത്തിനായും വർത്തിക്കുന്ന ഒരു മാസികയാണ് ഗോസ്പൽ ട്രൂത്ത്. ക്രുസിതുവിന്റെയും അപ്പൊസ്തലന്മാരുടെയും ഉപദേശങ്ങൾ ദൈവവചനത്തിന്റെ വെളിച്ചത്തിൽ പഠിപ്പിക്കുന്നു.

വിശ്വാസ നിയമത്തിന്റെ സ്വീകാര്യതയോടുകൂടി ഏകമായി നിലകൊള്ളുന്നതാണ് ദൈവവചനം. ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിലൂടെ പാപത്തിൽ നിന്നും രക്ഷയും വിടുതലും മാത്രമല്ല, ആത്മനിറവിൽ ജീവിതവും നടത്തുവാനും നയിക്കുവാനുമുള്ള ശക്തീകരണം, ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള പ്രായോഗിക ശുദ്ധീകരണം ജനത്തിന്റെ ഐക്യതയും, സത്യത്തിൽ കാണപ്പെടുന്ന സ്നേഹബന്ധവും ദൈവത്തോടുള്ള സേവനബന്ധവുമത്രെ.

**വരിക്കാരനാകാൻ**

ദൈവാത്മ പ്രേരണായലും, നടത്തിപ്പിനാലും ഇലക്ട്രോണിക് മീഡിയായിലൂടെ പ്രസിദ്ധീകരിക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. PDF ഫോർമാറ്റിൽ ലഭിക്കുന്നതിന് വരിക്കാരനാകാവുന്നതാണ്. Subscribe@thegospeltruth.org എന്നവിലാസത്തിൽ നിങ്ങളുടെ ഇ-മെയിൽ അഡ്രസ്സ് അയച്ച് ആവശ്യപ്പെടാവുന്നതാണ്. താല്പര്യമുള്ള നിങ്ങളുടെ സ്നേഹിതന്മാരുടെയും പേരും ഇ-മെയിൽ അഡ്രസും അയച്ചുതരാവുന്നതാണ്.

**ബന്ധപ്പെടുക**

ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള, ഇന്ത്യ
ഫോൺ: 0474 2454309

# പത്രാധിപലേഖനം



"യഹോവ എന്റെ പ്രാർത്ഥനയും യാചനകളും കേട്ടതുകൊണ്ട് ഞാൻ അവനെ സ്നേഹിക്കുന്നു". അവൻ തന്റെ ചെവി എങ്കലേക്ക് ചായ്ച്ചതുകൊണ്ട് ഞാൻ ജീവകാലമൊക്കെയും അവനെ വിളിച്ചപേക്ഷിക്കും. (സങ്കീ.116:1,2)

ഞാൻ ഒരു ചെറുബാലനായിരുന്നപ്പോൾ തന്നെ ഞാൻ എന്റെ ഹൃദയം ദൈവത്തിന് കൊടുക്കുകയും ദൈവീക കരുതലിനായി എന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു. എന്റെ ജീവിതത്തിൽ പരിശുദ്ധാത്മാവ് ശക്തമായ ഇടപെട്ടതോർത്ത് ഞാൻ കരഞ്ഞുപോയത് വ്യക്തമായി ഓർക്കുന്നുണ്ട്. യേശുവിനെ ഹൃദയത്തിലേക്ക് ക്ഷണിക്കുവാനായി എന്റെ മാതാവിനോട് ചേർന്ന് ഞാൻ ഒരു സണ്ടേസ്കൂൾ മുറിയുടെ പിൻസീറ്റിൽ ഇരുന്ന് ഹൃദയനുറുക്കത്തോടെ പ്രാർത്ഥിച്ചതോർക്കുന്നു. പാപപങ്കിലമായ ഒരു ജീവിതം ഞാൻ നയിച്ചിട്ടില്ലെങ്കിലും മദ്യപാനികൾക്കും മയക്കുമരുന്നിന് അടിമപ്പെട്ടവർക്കും ആവശ്യമായ അതേ രക്ഷയുടെ ദൈവകൃപ എന്റെ ജീവിതത്തിലും അനിവാര്യമാണെന്ന് ഞാൻ അറിഞ്ഞിരുന്നു. നന്നേ ചെറുപ്പം മുതൽ രക്ഷിക്കപ്പെടുന്ന അനേകരെപ്പോലെ എന്റെ ജീവിതത്തിലും ആത്മീയ വളർച്ചയുടെ മന്ദീഭാവവും മരവിപ്പും ചില പരാജയങ്ങളും ഉണ്ടായിരുന്നു. എങ്കിലും ദൈവത്തെ സേവിപ്പാനുള്ള ശക്തമായ വാഞ്ചയും ആഗ്രഹവും ഞാൻ വിട്ടുകളഞ്ഞില്ല. പലപ്പോഴും ഞാൻ പ്രാർത്ഥനയിലൂടെ ദൈവത്തിന്റെ യാഗപീഠത്തിനരികെ എത്തി വിശുദ്ധീകരണം പ്രാപിക്കാറുണ്ട്. ആത്മാവിലുള്ള ആ വിശ്വസ്തതയോർത്ത് ഇന്നു ഞാൻ ദൈവത്തെ സ്തുതിക്കുന്നു. കളങ്കമില്ലാത്ത ദേശത്തേയ്ക്ക് ആത്മാവ് എന്നെ നയിക്കുന്നു എന്ന് പാട്ടുകാരൻ പാടുന്നതുപോലെ, സ്വന്തവഴികളിലൂടെ ദൈവവഴി വിട്ട് പിന്മാറാതെ ഞാൻ ദിനംതോറും ദൈവസാന്നിധ്യബോധത്തോടെ മുന്നേറുന്നു.

ഞാൻ എന്റെ ദൈവവുമായി സ്നേഹബന്ധത്തിലാവുകയും ആ ബന്ധത്തിന്റെ വില അറിയുകയും ചെയ്യുന്നു. എന്റെ പ്രാർത്ഥന കേൾക്കുന്നതിൽ അവൻ വിശ്വസ്തനാണ്. അവൻ എന്റെ ശരീരത്തെ സൗഖ്യമാക്കി, മരണത്തിന്റെ വക്കിൽ നിന്നും രക്ഷിച്ചു, അനുഗൃഹീത കുടുംബത്തെ നൽകി, ദിനംതോറും ആഹാരം നൽകി, എല്ലാത്തിനും ഉപരിയായി പാപത്തിന്റെ കരാളഹസ്തങ്ങളിൽ നിന്നും വിടുവിച്ചു. തന്റെ ദിവ്യസമാധാനം നൽകി പരിശുദ്ധസാന്നിധ്യത്തിന്റെ മറവിൽ മറച്ചു. തീർച്ചയായും, ഞാൻ അവനെ സ്തുതിക്കേണ്ടതു തന്നെ. പ്രശ്നകലുഷിതമായ ഹൃദയവേദനാസന്ദർഭങ്ങളിലും ഈ ലോകത്തിന്റെ മുഴുവൻ നിക്ഷേപങ്ങളെക്കാളും നീ ദൈവത്തെ സ്നേഹിക്കുന്നുവോ? ഗോസ്പൽ ട്രൂത്തിന്റെ ഈ പതിപ്പ് പ്രധാനമായും കേന്ദ്രീകരിക്കുന്നത് ബൈബിളിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയമായ സ്നേഹത്തെക്കുറിച്ചാണ്.

ക്രിസ്തീയജീവിതയാത്രയിൽ ദൈവം വിശ്വസ്തനാണ്. മുമ്പോട്ട് നയിക്കുവാൻ ശക്തനത്രെ. കഴിഞ്ഞകാലങ്ങളിൽ വിശ്വസ്തനായി നമ്മുടെ ആവശ്യങ്ങളിൽ സഹായിച്ചവൻ നമ്മെ വഴിനടത്തും ജീവിതത്തിലെ എല്ലാ ഉയർച്ചതാഴ്ചകളിലും തുടർന്നും വിശ്വസ്തതയോടെ, യേശുവിന്റെ സഖിയായി നമ്മുടെ യജമാനനെ നോക്കിക്കൊണ്ട് യാത്ര ചെയ്യാം. പുതിയ വിജയങ്ങൾ നമ്മെ നോക്കി കാത്തിരിക്കുന്നു. യേശുവിനെ മാത്രം മുറുകെ പിടിച്ചുകൊണ്ട് മുമ്പോട്ടുപോയാൽ ഒരിക്കൽ നീയും സ്വർഗ്ഗത്തിലേക്ക് അവനുമായി നടന്നുകയറും.

സ്വദേശത്തും വിദേശത്തുമുള്ള എല്ലാ ഗോസ്പൽ ട്രൂത്ത് വായനക്കാരെയും ഞാൻ എന്റെ പ്രാർത്ഥനയിൽ ഓർക്കാറുണ്ട്. എന്റെ ഈ സംരംഭം നിങ്ങൾക്ക് പ്രയോജനപ്പെടുമെങ്കിൽ ദയവായി എന്നെ അറിയിക്കൂ. editor@thegospeltruth.org

ദൈവം നിങ്ങളെ ധാരാളമായി അനുഗ്രഹിക്കുമാറാകട്ടെ. നാമെല്ലാവരും ആദിവ്യവെളിച്ചത്തിൽ നടക്കുന്നവരായി തന്റെ വചനത്തിന്റെ വിശുദ്ധിയിലും സമാധാനത്തിലും കാക്കപ്പെടുമാറാകട്ടെ!

- മൈക്കിൾ. ഡബ്ല്യൂ. സ്മിത്ത്

ഇന്റർനെറ്റിൽ
കൂടുതൽ
വായിക്കാം.

www.thegospeltruth.org



### ദൈവത്തോടുള്ള നിങ്ങളുടെ സ്നേഹത്തെ എങ്ങനെ വീണ്ടും പുനഃസ്ഥാപിക്കാം?

**മാനസാന്തരം**

നഷ്ടപ്പെട്ടുപോയെന്ന് സമ്മതിച്ചുകൊണ്ട് പശ്ചാത്താപത്തോടെ മടങ്ങിവരിക. അനുതാപത്തോടെ പാപക്ഷമയ്ക്കായി യാചിക്കുക. (സങ്കീ.51:12)

**ദൈവത്തെ അന്വേഷിക്കുക**

തിരുവചനത്തിലേക്ക് ആത്മാർത്ഥമായി തിരിച്ചെത്തുക. നീതിക്കുവേണ്ടിയും സത്യത്തിനുവേണ്ടിയുമുള്ള വിശപ്പിനായി ദൈവത്തോട് അപേക്ഷിക്കുക.

**അനുസരണം**

ദൈവത്തിൽ നിന്നും വേർപിരിയുന്ന എല്ലാ വഴികളിൽ നിന്നും വിട്ടുപോരുക. എല്ലാറ്റിനും ഉപരിയായി അനുസരണമാണ് ദൈവത്തെ സ്നേഹിക്കുവാനുള്ള ശരിയായ തെരഞ്ഞെടുപ്പ്.

**കൂട്ടായ്മ മുടക്കരുത്**

ദൈവജനവുമായുള്ള ആരാധന മുടങ്ങാതെ ശ്രദ്ധിക്കുക. ദൈവാലയത്തിലേക്ക് കടന്നു വരുമ്പോൾ, ജീവിത സന്ധാരണ ചിന്തകളെ വെടിഞ്ഞ്, ഹൃദയത്തെ ഏകാഗ്രമാക്കുക.

**മറ്റുള്ളവരെ സേവിക്കുക**

സ്വാർത്ഥത വെടിയുക. മടി, അലസത ഉപേക്ഷിച്ചുകൊണ്ട് നമുക്ക് ചുറ്റുമുള്ളവരെ എങ്ങനെ സഹായിക്കാം എന്നു ചിന്തിക്കുക.

**രക്ഷയുടെ സന്തോഷം പരിശീലിക്കുക**

ദൈവിക അനുഗ്രഹങ്ങളിൽ നന്ദിയർപ്പിക്കുക. എന്തു ചെയ്താലും ദൈവസന്നിധിയിൽ നന്ദിയുള്ള ഹൃദയത്തിന് ഉടമയായിത്തീരുക.

# വേദപുസ്തക പഠനസഹായി

## വിഷയം : സ്നേഹബന്ധം

**വായനഭാഗം: 1 യോഹ. 4:16–17**

"ഇങ്ങനെ ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞു, വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നെ. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. ദൈവം അവനിലും വസിക്കുന്നു. ന്യായവിധി ദിവസത്തിൽ നമുക്ക് ധൈര്യം ഉണ്ടാകുവാൻ തക്കവണ്ണം ഇതിനാൽ സ്നേഹം നമ്മോടു തികഞ്ഞിരിക്കുന്നു."

**സ്നേഹത്തിന്റെ നിർവ്വചനം : താൽപര്യം, അടുപ്പം, അഗാധമായ ബന്ധം.**

I) **മനുഷ്യനോടുള്ള ദൈവത്തിന്റെ ചിന്തകൾ**

a) യിരമ്യാ.31:3

b) യിരമ്യാ.29:11-13

II) **ബന്ധപ്പെടുവാനുള്ള ദൈവത്തിന്റെ വ്യഗ്രത**

a) ഉൽപ.3:8,9 സംഭാഷണത്തിനായുള്ള ദൈവത്തിന്റെ താത്പര്യം

b) വെളി.3:20 ഇതാ ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു.

c) 2 കൊരി.5: 17-18 ദൈവത്തോടുള്ള നിരപ്പ്

III) **ദൈവം സ്നേഹിക്കുന്നതാരെയാണ്?**

a) യോഹ 3:16 ലോകത്തെ

b).റോമ.5:8 പാപികളെ

c) എഫെ.5: 25 സഭയെ

IV) **ദൈവംസ്നേഹ പ്രദർശനം**

a) 1 യോഹ 4:9-10 ദൈവം തന്റെ ഏകജാതനെ അയച്ചു

b).1 യോഹ 3: 1, 16 ദൈവസ്നേഹത്തിന്റെ ആഴം

V) **സ്നേഹം ഏറ്റവും വലിയ കൽപന**

a) ആവ.10:12 സ്നേഹം അനിവാര്യം

b).മത്താ.22:36-38 ദൈവത്തെ സ്നേഹിക്കുക

c) 1 കൊരി.13:1-3 സ്നേഹമില്ലായെങ്കിൽ

VI) **സ്നേഹം ഒരു ദൈവീകവരം**

a) 1 യോഹ 4:7-8 ദൈവസ്നേഹം

b).റോമ.5:5 പരിശുദ്ധാത്മാവിനാൽ നൽകപ്പെട്ട സ്നേഹം

VII) **സ്നേഹം പ്രവൃത്തിയിൽ**

a) യോഹ 3:18 ലോകത്തെ

b).മത്താ.15:8 ചിലർ അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു.

VIII) **നമ്മുടെ സ്നേഹപ്രകടനം**

a) യോഹ 14:15,23-24 അവൻ എന്റെ വചനം പ്രമാണിക്കും

b).1 യോഹ.5:3 നാം അവന്റെ കൽപന അനുസരിക്കുക

c) 1 യോഹ.4:20-21 നാം സഹോദരങ്ങളെ സ്നേഹിക്കുക

IX) **ലോകത്തെയും ദൈവത്തെയും സ്നേഹിപ്പാൻ സാധ്യമല്ല**

a) മത്താ.6:4 രണ്ട് യജമാനൻമാരെ സേവിപ്പാൻ കഴിയില്ല

b) 1 യോഹ.2:15-17 ലോകത്തെ സ്നേഹിക്കരുത്.

c) ആവ.13:3 ദൈവം നമ്മുടെ സ്നേഹത്തെ തെളിയിക്കും.

X) **യഥാർത്ഥ സ്നേഹത്തിന്റെ സവിശേഷതകൾ**

a) 2 കൊരി.6:6 ഉതിർന്നുപോകുന്നില്ല

b) 2 കൊരി.8:8 വിശ്വസ്തത പുലർത്തുന്നു.

c) 1 തിമൊ.1:5 ശുദ്ധമനസ്സാക്ഷിയുള്ളത്

XI) **സ്നേഹനിവർത്തീകരണം**

a) എഫെ.3:17-19 ദൈവത്തിന്റെ സമ്പൂർണ്ണത

b) യോഹ.15:10-11 നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാൻ

XII) **സ്നേഹത്തിന്റെ ശക്തി**

a) 1 യോഹ. 4:18 യഥാർത്ഥസ്നേഹം ഭയത്തെ പുറത്താക്കുന്നു

b) 2 കൊരി.5:14-15 സ്നേഹത്താൽ ബന്ധിക്കപ്പെട്ടത്

XIII) **ദൈവസ്നേഹത്തിൽ നിന്നും മനുഷ്യനെ വേർപെടുത്തുന്നതെന്ത്?**

a) റോമ.8:35 ആർ വേർപെടുത്തും?

b) യോഹ.14:23-24 അനുസരണക്കേട്

XIV) **സ്നേഹം നഷ്ടപ്പെടുന്നു.**

a) മത്താ.24:12 സ്നേഹം തണുത്തുപോകും

b) വെളി.2:4 നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു.

c) വെളി.3:15-17 ശീതോഷ്ണവാൻ

XV) **ദൈവത്തെ സ്നേഹിക്കുന്നവർക്കായുള്ള പ്രതിഫലം**

a) യാക്കോ.2:5 രാജ്യത്തിന്റെ അവകാശികൾ

b) 2 തിമൊ.4:7-8 നീതിയുടെ കിരീടം

# ദൈവത്തിന്റെ ഉന്നതമായ ആഗ്രഹം

## –ബൈബിൾ പഠന ഉപപാഠം–

### മനുഷ്യകുലം– ദൈവം അനുധാവനം ചെയ്യുന്നു.

സൃഷ്ടിയുടെ അരുണോദയം മുതലേ മനുഷ്യനുമായുള്ള ബന്ധം ദൈവം ആഗ്രഹിച്ചിരുന്നു. ഏദെൻ തോട്ടത്തിൽ വെയിൽ ആറുന്ന നേരം മനുഷ്യനുമായി കൂട്ടായ്മയും ആത്മസംസർഗ്ഗവും ആഗ്രഹിച്ച് ദൈവം ആദാമിനോടും ഹവ്വായോടും കൂടിച്ചേർന്ന് നടന്നിരുന്നത് നാം വായിക്കുന്നു. (ഉൽപ.3:8–9). ചരിത്രവും ദൈവശാസ്ത്രവും ബൈബിളിൽ അടങ്ങിയിരിക്കുമ്പോൾ അതിൽ പ്രധാനമായും ദൈവം സ്നേഹത്തോടുകൂടി മാനവരാശിയെ പിന്തുടർന്ന രേഖയാണ്.

### പാപം ദൈവവുമായുള്ള ബന്ധം തകർത്തു.



മാനവരാശിയെ ദൈവം സൃഷ്ടിച്ചപ്പോൾ തന്റെ സൃഷ്ടിയുമായി നിർബന്ധത്താലോ നിയന്ത്രണത്താലോ അല്ലാതെ, സ്നേഹത്താൽ, ഏറ്റവും അടുത്ത ബന്ധം ഉണ്ടായിരിക്കുവാൻ ദൈവം അതിയായി ആഗ്രഹിച്ചു. എന്നാൽ ആദാമും ഹവ്വയും അനുസരണക്കേടിനാൽ പാപം ചെയ്ത് മുമ്പ് ദൈവവുമായി അവർക്കുണ്ടായിരുന്ന ആത്മസംസർഗ്ഗം അവർ അടച്ചുകളഞ്ഞു. പാപം എല്ലായ്പോഴും ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ തകർക്കുന്നു. പാപത്താലും അനീതിയാലും ദൈവത്തിൽ നിന്ന് വേർപിരിഞ്ഞ മനുഷ്യനെ നിത്യമായ മരണത്തിന് ഏൽപിച്ചുകൊടുക്കുവാൻ ദൈവത്തിന് പ്രസാദമില്ലായിരുന്നു.

### ദൈവത്തോട് നിരപ്പ് പ്രാപിക്കുവാൻ ദൈവം തന്റെ പുത്രനെ നമുക്കുവേണ്ടി അയച്ചു.

ദൈവം നമ്മെ അത്രമാത്രം സ്നേഹിച്ചതിനാൽ നാം രക്ഷപ്പെടേണ്ടതിന് തന്റെ ഏകജാതനായ പുത്രനെ മരണത്തിനായി ഈ ലോകത്തിലേയ്ക്ക് അയച്ചു (യോഹ.3:16). സ്നേഹത്താൽ പ്രചോദിതനായി യേശു ഇന്നും ദൈവസ്നേഹത്തിന്റെ സാക്ഷാത്കാരമായിരിക്കുന്നു. ''യഹോവ ദൂരത്തുനിന്ന് എനിക്കു പ്രത്യക്ഷമായി അരുളിച്ചെയ്തത്: നിത്യസ്നേഹം കൊണ്ട് ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ട് ഞാൻ നിനക്ക് ദയ ദീർഘമാക്കിയിരിക്കുന്നു.'' (യിരെ.31:3)

### ദൈവത്തിന്റെ എല്ലാ ഇടപെടീലും എപ്പോഴും സ്നേഹത്താൽ പ്രചോദിതം.

''ദൈവം സ്നേഹം തന്നെ'' മാനവരാശിയോടുള്ള ദൈവത്തിന്റെ ഇടപെടീലുകളുടെ അടിസ്ഥാനം സ്നേഹമാണ്. ചിലർ ഒരുപക്ഷേ ദൈവത്തെ കാണുന്നത് പ്രസാദിപ്പിക്കുവാൻ പ്രയാസമുള്ളവിധം കഠിനമായ ജോലികൾ ഏൽപിച്ചുകൊടുക്കുന്ന യജമാനനെപ്പോലെയാണ്. ദൈവത്തിന്റെ ഈ ചിത്രം സാത്താനിൽ നിന്നുള്ളതാണ്. ദൈവം നല്ലവനും സ്നേഹവാനും, നമ്മുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളിലും ശ്രദ്ധിക്കുകയും ചെയ്യുന്നവനുമാണ്. ആണാകട്ടെ പെണ്ണാകട്ടെ അവരുടെ സ്ഥിതി എന്തു തന്നെയായാലും ഒരു വ്യത്യാസവും ഇല്ലാതെ, ദൈവത്തിന്റെ സ്നേഹം തേടി എത്തുന്നു. ദൈവത്തിന്റെ ആ വലിയ സ്നേഹം അനുഭവിക്കുവാൻ നാം അയോഗ്യരും അതു നേടുവാൻ നാം ഒന്നും ചെയ്തതുമില്ല. ''ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾത്തന്നെ നമുക്കുവേണ്ടി മരിക്കുകയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു.''(റോമ.5:8)

### സ്നേഹം തിരികെ നൽകുമ്പോൾ അത് പൂർണ്ണതയിൽ എത്തുന്നു.

തിരികെ നൽകാത്ത സ്നേഹം അപൂർണ്ണമാണ്. ദൈവം നമ്മെ സ്നേഹിക്കുന്നു, എന്നാൽ ആ സ്നേഹബന്ധം പൂർണ്ണമാകണമെങ്കിൽ നമ്മുടെ ഹൃദയത്തിൽ നിന്ന് കലവറ കൂടാതെ നാം ദൈവത്തെ സ്നേഹിക്കണം. ഒരു വൈദീകൻ അവനെ പരീക്ഷിച്ചു: ''ഗുരോ, ന്യായപ്രമാണത്തിൽ ഏതു കൽപന വലിയത് എന്നു ചോദിച്ചു. യേശു അവനോട് : നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കൽപന.''(മത്താ.22: 36–38). ഒന്നാമത്തേതും വലിയതുമായ ഈ കൽപനയിൽ അധിഷ്ഠിതമല്ലാത്ത മറ്റെല്ലാ ഉപദേശതത്വങ്ങളും വ്യർത്ഥമാകുന്നു. അനേകം ആളുകളും ദൈവത്തെ സ്നേഹിക്കുന്നത് സഭ രൂപപ്പെടുത്തിയ ദൈവശാസ്ത്രത്തോടുള്ള ഭയമോ ഭക്തിയോ മുഖാന്തരമാണ്. സ്നേഹത്തിന് ആഴവും സമ്പുഷ്ടവുമായ അനുഭവം ഉണ്ടാകണം. സ്നേഹത്തിന്റെ യഥാർത്ഥ സാക്ഷാത്കാരത്തിലേക്ക് വരുന്ന ആ അനുഭവം ബന്ധത്തിന്റെ പൂർണ്ണത വരുത്തുന്നു. ഇത് ദൈവത്തെ സേവിക്കുന്നതിനാലുള്ള യഥാർത്ഥ സന്തോഷവും സമാധാനവും നൽകുന്നു.

### യഥാർത്ഥ സ്നേഹം ഒരിക്കലും ബലമായിട്ടല്ല നേടേണ്ടത്

ഓരോദിവസവും ജോലിക്ക് പുറത്തു പോകുമ്പോൾ തന്റെ ഭാര്യയെ അടുക്കളയിൽ ചങ്ങലയിൽ ബന്ധിച്ചിടുന്ന ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവൾ തന്നെ ഉപേക്ഷിച്ചു പോയാൽ ഒരിക്കലും മടങ്ങിവരികയില്ല എന്ന് അയാൾ ഭയപ്പെട്ടിരുന്നു. അവരുടെ ബന്ധം ഭയത്തിന്റേയും അടിമത്തത്തിന്റേതും ആയിരുന്നു. ജോലിക്കു പോകുന്ന ഒരു ഭർത്താവിനെ സംബന്ധിച്ച് താൻ മടങ്ങി വരുമ്പോൾ തന്നെ സ്നേഹിക്കുന്ന ഭാര്യ അയാളെ കാത്തിരിക്കും എന്ന അറിവ് എത്രയോ നല്ലതാണ്. ഇതുപോലെ ഒരു ബന്ധമാണ് ദൈവം ആഗ്രഹിക്കുന്നത്– സത്യസന്ധമായി ജീവിക്കുവാൻ നിർബന്ധിക്കുന്നത് സ്നേഹമാണ്. (2 കൊരി.5:14)

### നമ്മുടെ സ്നേഹം അനുസരണത്തിൽ കൂടി കാണിക്കുക.

അനേകരും അധരം കൊണ്ട് ദൈവത്തോട് അടുത്തിരിക്കുന്നു, എന്നാൽ അവരുടെ ഹൃദയം ദൈവത്തെ വിട്ട് അകന്നിരിക്കുന്നു.(മത്തായി.15:8). നാം പറയുന്ന വാക്കുകൾ കൊണ്ടല്ല മറിച്ച് നമ്മുടെ ജീവിതം കൊണ്ടാണ് സത്യസന്ധമായ

സ്നേഹം പ്രകടിപ്പിക്കേണ്ടത്. യേശു പറഞ്ഞു: ''എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും.'' (യോഹ.14:23).ക്രിസ്തുവിനെ വിശ്വസിക്കുന്ന അനേകർ ഉള്ള ലോകത്തിൽ ദൈവവചനത്തെ അനുസരിക്കുന്ന ചുരുക്കം ആളുകളാണ് യഥാർത്ഥസ്നേഹം അനുസരണത്തിൽ കൂടി പ്രദർശിപ്പിക്കുന്നത്. അനുസരണം ഇല്ലാത്തിടത്ത് സ്നേഹം ഇല്ല. നമ്മുടെ അനുസരണക്കേടല്ലാതെ (യോഹ.14:24 - 24) മറ്റൊന്നിനും നമ്മെ ദൈവസ്നേഹത്തിൽ നിന്ന് വേർപിരിക്കുവാൻ കഴിയുകയില്ല (റോമ.8: 35)

### ഒന്നിനുമാത്രം സ്ഥാനം ''ആദ്യസ്നേഹം''

''രണ്ട് യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴിയുകയില്ല.''(മത്താ.6:24). ദൈവവുമായി ബന്ധമുള്ളപ്പോൾ ലോകത്തിന്റെ പാപ വഴികളിൽ നടക്കുവാൻ കഴിയുന്നതല്ല. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. (1 യോഹ.2:23 - 24).



### സ്നേഹം ത്യാഗപൂർണ്ണമായ സമർപ്പണം

രണ്ട് വ്യക്തികൾ ആത്മാർത്ഥമായി സ്നേഹിക്കുമ്പോൾ സമയവും പ്രവർത്തനശേഷിയുമെല്ലാം പരസ്പരം പങ്കു വയ്ക്കാൻ തയ്യാറാകും. സ്നേഹിതനെ സന്തോഷിപ്പിക്കണം എന്ന് അവരിരുവരും ചിന്തിക്കും. ദൈവത്തെ സ്നേഹിക്കുന്ന ഹൃദയമുള്ളവരുടെ കാര്യത്തിലും ഇതു ശരിയാണ്. ദൈവത്തെ സ്വതന്ത്രമായി ആരാധിക്കുവാനും സേവിക്കുവാനും സ്നേഹം സഹായിക്കുന്നു. സ്നേഹം സന്തോഷവും സംതൃപ്തിയും കർത്താവിനെ സേവിക്കുന്നതിന് ശക്തിയും നൽകുന്നു.

### ദൈവത്തെ സ്നേഹിക്കുന്നവൻ തന്റെ സഹോദരനെയും സ്നേഹിക്കുന്നു.

ജനം ദൈവസ്നേഹത്തിന്റെ അനുഭവത്തിലേക്ക് കടക്കുമ്പോൾ അവരുടെ ഹൃദയങ്ങളിലേക്ക് ദൈവത്തിന്റെ സ്നേഹം പരിശുദ്ധാത്മാവിനാൽ പൂർണ്ണമായും നൽകപ്പെടുന്നു.(റോമ.5:5). ദൈവവുമായുള്ള ബന്ധം ദൈവത്തെ അനുസരിക്കുക മാത്രമല്ല സഹോദരനോട് പ്രകടിപ്പിക്കുന്ന സ്നേഹവും കൂടിയാണ്. സഹോദരനം സ്നേഹിക്കാത്തവന് കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിക്കുവാൻ കഴിയുന്നതല്ല. (1 യോഹ.4: 20 - 21)

### സമ്പൂർണ്ണ സ്നേഹം നമുക്ക് നിത്യജീവൻ നൽകുന്നു.

ദൈവവുമായുള്ള ബന്ധം നമ്മുടെ ജീവിതത്തിൽ സമാധാനവും സന്തോഷവും മാത്രമല്ല അത് നിത്യജീവനും നമുക്ക് നൽകുന്നു. ''ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു; അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും. എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വച്ച ഏവർക്കും കൂടെ.'' (2 തിമൊ.4:8)

### നിങ്ങളുമായി ഒരു ബന്ധമാണ് ദൈവത്തിന്റെ ഏറ്റവും വലിയ ആഗ്രഹം

ദൈവത്തിന്റെ ഏറ്റവും വലിയ ആഗ്രഹം നിങ്ങളുമായി ഏറ്റവും അടുത്ത ബന്ധുത്വത്തിലേക്ക് വരുവാനാണ്. നിങ്ങളുടെ ജീവിതത്തിലെ അവിഭാജ്യഘടകമായിത്തീരുവാൻ ദൈവം ആഗ്രഹിക്കുന്നു. അവിടുത്തോടുകൂടി സമയം ചെലവിടുവാനും ആത്മസംസർഗ്ഗം നടത്തുവാനും ദൈവം ആഗ്രഹിക്കുന്നു. ഇങ്ങനെയുള്ള ബന്ധത്തിൽ വ്യക്തിപരമായ അത്ഭുതമാർന്ന ഒരു കൂട്ടായ്മയുണ്ട്. സ്നേഹത്താൽ അധിഷ്ഠിതമായ ദൈവീക ബന്ധത്തിൽ നിങ്ങളുടെ ജീവിതത്തിന് ശരിയായ അർത്ഥവും ലക്ഷ്യവും നൽകും.

-MWS

**നീ അറിഞ്ഞിട്ടില്ലാത്ത അന്യദൈവങ്ങളെ<br>നാം ചെന്ന് സേവിക്കുക എന്ന്<br>പറഞ്ഞുകൊണ്ട് ഒരു അടയാളമോ<br>അത്ഭുതമോ മുന്നറിയിക്കുകയും അവൻ<br>പറഞ്ഞ അടയാളമോ അത്ഭുതമോ<br>സംഭവിക്കുകയും ചെയ്താൽ<br>പ്രവാചകന്റെയോ സ്വപ്നക്കാരന്റെയോ<br>വാക്ക് നീ കേട്ടനുസരിക്കരുത്;**

**നിങ്ങളുടെ ദൈവമായ യഹോവയെ<br>പൂർണ്ണഹൃദയത്തോടും<br>പൂർണ്ണമനസ്സോടും കൂടെ<br>നിങ്ങൾ സ്നേഹിക്കുന്നുവോ എന്ന്<br>അറിയേണ്ടതിന് നിങ്ങളുടെ ദൈവ<br>മായ യഹോവ നിങ്ങളെ<br>പരീക്ഷിക്കുകയാകുന്നു.**

**(ആവർത്തനം.13:3-4)**

## ചോദ്യവും ഉത്തരവും

**ചോദ്യം : ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്നതിന്റെ അർത്ഥം?**

**ഉത്തരം** : എഫെസോസിലെ സഭയോട് ദൈവത്തിന്റെ ആത്മാവ്: ''എങ്കിലും നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന് ഒരു കുറ്റം നിന്നെക്കുറിച്ച് പറയുവാനുണ്ട്.''എന്ന വെളിപ്പാട് 2: 4-ാം വാക്യമാണ് ഈ ചോദ്യത്തിന് ആധാരം.

ഈ സഭ ദോഷകരമായ കാര്യങ്ങൾക്കെതിരെ ശക്തമായ നിലപാടെടുത്തതും, നല്ലതും ശരിയുമെന്ന് തോന്നിയത് ചെയ്തു പോന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. ദൈവശാസ്ത്രവും ഉപദേശതത്വങ്ങളും സംബന്ധിച്ച് എഫെസോസുകാർ അനുസരണം കാണിച്ചിരുന്നുവെങ്കിലും അവർക്ക് ആദ്യമേ ദൈവത്തോട് ഉണ്ടായിരുന്ന വാത്സല്യത്തിന്റെയും ബന്ധത്തിന്റെയും അനുഭവം നഷ്ടപ്പെട്ടിരുന്നു. ഊർജ്ജസ്വലതയുള്ള സ്നേഹത്തിൽ നിന്ന് നിർജ്ജീവമായ മാമൂലുകളിലേക്ക് മാറി എന്നാണ് ജെ.എഫ്.ബി.വ്യാഖ്യാനഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത്.

ഓരോ വ്യക്തിയും ക്രിസ്തുവുമായുള്ള ബന്ധം, തിരുവചനം മിക്കപ്പോഴും താരതമ്യം ചെയ്യുന്നത് ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധം പോലെയാണ്. നവദമ്പതികൾ തമ്മിലുള്ള സ്നേഹവും സമർപ്പണത്തിന്റെ തീക്ഷ്ണതയും ഇവിടെ ചിന്തനീയമാണ്. ഒരുമിച്ച് സമയം ചെലവിടുവാനും പരസ്പരം ത്യാഗം ചെയ്യുവാനും അവർ ആഗ്രഹിക്കും. അവരുടെ വിവാഹജീവിതം ശക്തവും ജീവസമൃദ്ധവുമാകുന്നു.

പാപലോകത്തിൽ സാധാരണ നാം കണ്ടുവരുന്നത് അനേകം ദമ്പതിമാരുടെ സ്നേഹവും തീക്ഷ്ണതയും കുറഞ്ഞുപോകുന്നതായിട്ടാണ്. ഇരുവരും ജീവിച്ചിരിക്കുന്നവരും, ഒരേവീട്ടിൽ പാർക്കുന്നവരും ആയിരുന്നാൽ പോലും ആദ്യസ്നേഹത്തിന്റെ ഊർജ്ജസ്വലത നഷ്ടപ്പെടുത്തിയിരിക്കും. ഇതുപോലെ ദൈവവുമായുള്ള ബന്ധത്തിൽ അനേകം വ്യക്തികൾക്കും സംഭവിക്കുന്നു. പുതുതായി രക്ഷിക്കപ്പെട്ടവർ വളരെ അത്ഭുതകരമായ പാപം ഇല്ലാത്ത ജീവിതം നയിച്ച് സമാധാനവും കൃപയും അനുഭവിക്കുന്നു. കാലങ്ങൾ കഴിയുമ്പോൾ ദൈവവുമായുള്ള ബന്ധം സൂക്ഷിക്കാതെ പോയാൽ അവർ പിന്മാറ്റത്തിലോ അല്ലെങ്കിൽ ആദ്യസ്നേഹത്തിന്റെ തീക്ഷ്ണത ഇല്ലാതെ ചില നല്ല കാര്യങ്ങൾ മാത്രം ചെയ്യുന്നവരായി മാറും.

ആദ്യസ്നേഹം നഷ്ടപ്പെട്ടവർ മാനസാന്തരപ്പെടുവാൻ കൽപിച്ചിരിക്കുന്നു. അനേകം വ്യക്തികളും സഭകളും ദോഷത്തിനെതിരെ നിൽക്കുന്നുണ്ടാകാമെങ്കിലും ഒരിക്കൽ അവരിൽ ജ്വലിച്ചിരുന്ന സ്നേഹത്തിന്റെ അഗ്നി അണഞ്ഞു. ദൈവം പ്രഥമ സ്ഥാനത്ത് ആഗ്രഹിക്കുന്നത് എന്താണോ- ആഴമായ ദൈവസ്നേഹം- അത് അവർ നഷ്ടപ്പെടുത്തി.

**അനേകരുടെയും ആദ്യസ്നേഹം നഷ്ടപ്പെട്ടു.....**



**അവരുടെ സമയം, ഊർജ്ജം, ശ്രദ്ധ, വാത്സല്യം എല്ലാം മറ്റ് കാര്യങ്ങളിലേക്ക് കേന്ദ്രീകരിക്കപ്പെട്ടു...**

**ദൈവം അവർക്ക് രണ്ടാം സ്ഥാനത്തോ മോശമോ ആയി..**

ദൈവത്തിന്റെ തീക്ഷ്ണമായ സ്നേഹമാണ് ശുശ്രൂഷ ജ്വലിപ്പിക്കുന്ന അഗ്നി. ഉപദേശതത്വങ്ങളെ മാത്രം മുറുകെ പിടിക്കുന്നതുകൊണ്ട് വരുന്ന മുഷിച്ചിലിന് ഇരയാകാതെ അവയെ ജീവനുള്ളതാക്കുവാൻ സ്നേഹം നൽകാം. ബന്ധം ഉറപ്പുള്ളതാക്കുവാൻ സമയം ആവശ്യമാണ്. ദൈവവുമായുള്ള ബന്ധത്തെ കയ്യേറുന്ന എല്ലാ കാര്യങ്ങളിൽ നിന്നും സംരക്ഷണം ആവശ്യമാണ്.

അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകും (മത്താ.24:12). അനേകരുടേയും ആദ്യസ്നേഹം തണുത്തുപോയതിനാൽ അവർ ഉപദേശതത്വങ്ങൾക്ക് മാത്രം അടിസ്ഥാനം നൽകി ലോകത്തിലുള്ളതിനെ സ്നേഹിക്കുന്നു. ദൈവം അവർക്ക് രണ്ടാംസ്ഥാനത്തോ മോശമോ ആകുന്നു. അവരുടെ സമയം, ഊർജ്ജം, ശ്രദ്ധ, വാത്സല്യം എല്ലാം മറ്റ് കാര്യങ്ങളിലേക്ക് കേന്ദ്രീകരിക്കപ്പെട്ടു...

ഇത് ദൈവത്തിനുവേണ്ടി ജീവിക്കുവാൻ ആലസ്യം ഉളവാക്കുകയും സുവിശേഷം പ്രചരിപ്പിക്കുവാനുള്ള തീക്ഷ്ണത കുറയ്ക്കുകയും ചെയ്യുന്നു. എന്നാൽ ദിവ്യമായ ഒന്നുണ്ട് അതു നമ്മുടെ ജീവിതത്തെ പുനഃപരിശോധിച്ച് ശുഷ്കാന്തിയും ആദ്യസ്നേഹം നഷ്ടപ്പെട്ടിട്ടില്ല എന്ന് ഉറപ്പാക്കുന്ന പ്രധാനപ്പെട്ട കാര്യം.

ഭാര്യാഭർതൃബന്ധം ശക്തമാക്കുവാൻ ആശയവിനിമയത്തിന് സമയം ചെലവിടുന്നതുപോലെ ദൈവത്തിന്റെ കാര്യത്തിലും ഇത് അത്യാവശ്യമാണ്. ബൈബിൾ വായന, പ്രാർത്ഥന, ദൈവവുമായുള്ള ബന്ധം, ദൈവത്തിന് എല്ലായ്പോഴും ഒന്നാംസ്ഥാനം മുതലായവ കൊണ്ട് ആദ്യസ്നേഹം പോഷിപ്പിക്കാം. നന്മ ചെയ്യുന്നതിനും ശുശ്രൂഷയ്ക്കുമുള്ള പ്രചോദനം സ്നേഹം ആയിരിക്കട്ടെ.

ശുശ്രൂഷയ്ക്കും സുവിശേഷം അറിയിക്കുന്നതിനും, ദൈനംദിന ജീവിതത്തിലെ അഭിഷേകത്തിനുമെല്ലാം ഈ ആദ്യസ്നേഹത്തിന്റെ തീക്ഷ്ണതയാണ് ഉണ്ടായിരിക്കേണ്ടത്.അത് ഉപദേശതത്വങ്ങളെ ജീവനുള്ളതാക്കി അവതരിപ്പിക്കുന്നതിന്റെ സന്തോഷം നൽകുന്നു.

-MWS

Printed matter only
**MALAYALAM EDITION**



**നിങ്ങൾക്ക് അറിയാമോ?**



- ♦ യഹോവ - (യാഹ് - ഹീബ്രു) എന്നത് തിരുവചനത്തിൽ ദൈവത്തിനുള്ള പേര് ആകുന്നു. ജീവനുള്ളതും സ്വയംഭൂവും മാറ്റമില്ലാത്തതും നിത്യനും സ്രഷ്ടാവും എല്ലാറ്റിനും കർത്താവും യഹോവ ആകുന്നു.
- ♦ യേശു - രക്ഷകൻ എന്നാണ് അർത്ഥം
- ♦ ഇമ്മാനുവേൽ - ദൈവം നമ്മോടുകൂടെ എന്നാണ് അർത്ഥം
- ♦ മശിഹ - അഭിഷിക്തൻ എന്നർത്ഥം വരുന്ന എബ്രായപദം
- ♦ ക്രിസ്തു - അഭിഷിക്തൻ എന്നതിന് ഗ്രീക്ക് പദം. മശിഹാ എന്നതിന് പര്യായം
- ♦ അൽഫയും ഒമേഗയും - ഗ്രീക്ക് അക്ഷരമാലയിലെ ആദ്യത്തേതും അവസാനത്തേതുമായ അക്ഷരങ്ങൾ. യേശു ആരംഭവും അവസാനവും ആകുന്നതിനെ കുറിക്കുന്നു.

തക്കസമയത്ത് പറഞ്ഞ വാക്ക്

# പ്രസംഗത്തിന്റെ വൈഭവം കൂടാതെ

1 കൊരി.2:1-5. ഞാനും, എന്റെ സഹോദരൻമാരേ, നിങ്ങളുടെ അടുക്കൽ വന്നപ്പോൾ വചനത്തിന്റെയോ, ജ്ഞാനത്തിന്റെയോ വൈഭവം കൂടാതെയത്രേ ദൈവത്തിന്റെ സാക്ഷ്യം നിങ്ങളോട് പ്രസ്താവിക്കുവാൻ വന്നത്. ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കണം എന്ന് ഞാൻ നിർണ്ണയിച്ചു. ഞാൻ ബലഹീനതയോടും ഭയത്തോടും വളരെ നടുക്കത്തോടും കൂടെ നിങ്ങളുടെ ഇടയിൽ ഇരുന്നു. നിങ്ങളുടെ വിശ്വാസത്തിനു മനുഷ്യരുടെ ജ്ഞാനമല്ല ദൈവത്തിന്റെ ശക്തിയത്രേ ആധാരമായിരിക്കേണ്ടത് എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണവാക്കുകളാൽ അല്ല, ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്താലത്രേ ആയിരിക്കുന്നത്.



പ്രസംഗകരുടെ രാജകുമാരൻ എന്നറിയപ്പെടുന്ന ചാൾസ് ഹഡൻ സ്പർജൻ ഒരു ഞായറാഴ്ച തന്റെ പ്രസംഗം ശോഭിക്കാതെ വന്നതിനാൽ സങ്കോചപ്പെട്ട് ലണ്ടനിലെ തന്റെ സഭയായ മെട്രോപൊളിറ്റൻ ടാബർനാക്കിളിൽ നിന്നും നടന്നു നീങ്ങുമ്പോൾ തന്റെ പ്രസംഗം കൊണ്ട് എന്തെങ്കിലും ഗുണമുണ്ടായോ എന്ന് ആശ്ചര്യപ്പെട്ട് വീട്ടിൽ വന്ന് അദ്ദേഹം മുട്ടുകുത്തി ''ദൈവമേ, അവിടുത്തേയ്ക്ക് ചിലത് ഒന്നുമില്ലായ്മയിൽ നിന്ന് ചെയ്യുവാൻ കഴിയും. മോശമായ പ്രസംഗത്തെ അനുഗ്രഹിക്കണമേ,'' എന്നു പ്രാർത്ഥിച്ചു.

തുടർന്നു വന്ന മാസങ്ങളിൽ 41 വ്യക്തികൾ ആ മോശമായിപ്പോയ പ്രസംഗത്താൽ യേശുവിനെ രക്ഷകനായി സ്വീകരിക്കുവാൻ തീരുമാനിച്ചു. ശോഭിക്കാതെ പോയ ആ പ്രസംഗത്തിന്റെ പിറ്റേ ഞായറാഴ്ച വളരെ ഗംഭീരമായ ഒരു പ്രസംഗം നടത്തി - പക്ഷേ ഒരു പ്രതികരണവും ഉണ്ടായില്ല.

സ്പർജന്റെ ഈ അനുഭവം രണ്ട് പ്രധാന പാഠങ്ങൾ അടിവരയിട്ട് കർത്താവിനെ സേവിക്കുന്ന എല്ലാവർക്കും നൽകുന്നു. ഒന്ന്, നമ്മുടെ ശ്രമങ്ങൾക്ക് ദൈവത്തിന്റെ അനുഗ്രഹം ആവശ്യമാണ്. സങ്കീർത്തനങ്ങൾ 127:1-ൽ ശലോമോൻ പറയുന്നത് ''യഹോവ വീട് പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു; യഹോവ പട്ടണം കാക്കാതിരുന്നാൽ കാവൽക്കാർ വൃഥാ ജാഗരിക്കുന്നു'' എന്നാണ്. രണ്ട്, നമ്മുടെ ബലഹീനത ദൈവത്തിന്റെ ശക്തിയ്ക്ക് പ്രവർത്തിക്കുവാനുള്ള അവസരമാണ്. അപ്പോസ്തലനായ പൗലോസ് പറയുന്നത് ''അതുകൊണ്ട് ഞാൻ ക്രിസ്തുവിനു വേണ്ടി ബലഹീനത കഷ്ടം, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം എന്നിവ സഹിക്കുവാൻ ഇഷ്ടപ്പെടുന്നു; ബലഹീനനായിരിക്കുമ്പോൾ തന്നെ ഞാൻ ശക്തനാകുന്നു''.(2 കൊരി.12:10)

പ്രതിദിന മന്ന, മെയ് 18, 1992


***Contact:***

The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**

പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.


ദൈവ നാമം മഹത്വപ്പെടട്ടെ.


Chief Editor
**Michael W. Smith**

Malayalam Editor:
**Mathew Joseph**

Asst. Editor
**Baby Mathew**

Publisher:
**Biju J. Varghese**